# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1363** **20.01.2014 ൽ മറുപടിക്ക്**

## മാവേലി സ്റ്റോറുകളിലെ ഫിസിക്കൽ വെരിഫിക്കേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) മാവേലി സ്റ്റോറുകളിലെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ട നിത്യോപയോഗ സാധനങ്ങളുടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താറുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിന് നിശ്ചയിച്ചിട്ടുള്ള കാലപരിധി എത്ര ദിവസമാണെന്ന് വ്യക്തമാക്കുമോ; | (ബി) സ്റ്റോക്ക് വെരിഫിക്കേഷൻ നടത്താനുള്ള കാലപരിധി ഒരു സാമ്പത്തിക വർഷത്തിൽ ഒരു ദിവസം ആണ്. |
| (സി) നിത്യോപയോഗ സാധനങ്ങളുടെ ഫിസിക്കൽ വെരിഫിക്കേഷൻ ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ; | (സി) എല്ലാ വർഷവും മാർച്ച് മാസം അവസാന ദിവസങ്ങളിൽ എല്ലാ സപ്ലൈകോ സ്റ്റോറുകളിലും സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുകയും ആയതിലേയ്ക്ക് ഡിപ്പോ തലത്തിലും റീജിയണൽ തലത്തിലും പരിശോധനാ ഉദ്യോഗസ്ഥർ, വിജിലൻസ് സ്ക്വാഡ് എന്നിവരെ നിയോഗിക്കുകയും ചെയ്തു വരുന്നു. |
| (ഡി) വെരിഫിക്കേഷൻ നടത്താത്ത മാവേലി സ്റ്റോർ ജീവനക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) എല്ലാ സ്റ്റോറുകളിലും നിർബന്ധമായും സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി വരുന്നതിനാൽ അത്തരം നടപടി ക്രമങ്ങൾ ആവശ്യമായി വന്നിട്ടില്ല. |

Beena

സെക്ഷൻ ഓഫീസർ